"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - 2024 ഒക്ടോബർ 21 മുതൽ 26 വരെ ബാംഗ്ലൂർ NAR -ൽ മാസ്റ്റർ ആർ.പി. മാർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാന മിഷനിലെ ഫിനാൻഷ്യൽ ഇൻസ്പക്ഷൻ പ്രോഗ്രാം. ഓഫീസർ ശ്രീ നവീൻ.സി എന്നവർ വിമാനയാത്ര ചെയ്ത നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.660/2026/LSGD തീയതി,തിരുവനന്തപുരം, 10-03-2026

പരാമർശം:-

1. 16.02.2019-ലെ സ.ഉ (അ) നം. 12/2019/ധന
2. 29/10/2024-ലെ സ.ഉ.(സാധാ)നം.2052/2024/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/02/2026-ലെ KSHO/1784/2024-M2 MF നമ്പർ കത്ത്.

**ഉത്തരവ്**

2024 ഒക്ടോബർ 17, 18 തീയതികളിൽ ന്യൂ ഡൽഹിയിൽ വെച്ച് സംഘടിപ്പിച്ച, വനിതകൾ നയിക്കുന്ന സംരംഭകത്വത്തെക്കുറിച്ചുള്ള ദേശീയ കോൺക്ലേവ്, ഫിനാൻഷ്യൽ ഇൻക്ലൂഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാർക്കുള്ള അവലോകന യോഗം എന്നീ പരിപാടികളിൽ പങ്കെടുക്കുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷനിലെ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ പ്രോഗ്രാം ഓഫീസർ ശ്രീ.നവീൻ.സി എന്നവർക്ക് സാധൂകരണം നല്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ആയതിന്റെ തുടർച്ചയായി, 2024 ഒക്ടോബർ 21 മുതൽ 26 വരെ ബാംഗ്ലൂർ NAR-ൽ മാസ്റ്റർ ആർ പി മാർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കുന്നതിന് കുടുംബശ്രീ ഫിനാൻഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം ഓഫീസർ ആയ ശ്രീ നവീൻ.സി -യെ കുടുംബശ്രീയിൽ നിന്നും നിയോഗിച്ചിരുന്നതായും, ഡൽഹിയിൽ നിന്ന് 19/10/2024-ന് തിരികെ വന്ന ശേഷം 20/10/2024-ന് വീണ്ടും ബാംഗ്ലൂരിൽ എത്താൻ ബുദ്ധിമുട്ടുള്ളതിനാൽ, ഡൽഹിയിൽ നിന്ന് തിരികെ വരുന്നതിന് പകരം 19/10/2024-ന് ബാംഗ്ലൂർ എത്തുകയും അവിടെ നിന്ന് NAR പരിശീലനം കഴിഞ്ഞു 26/10/2024 ന് തിരികെ തിരുവനന്തപുരത്ത് എത്തുകയുമായിരുന്നു എന്നും, ഈ സാഹചര്യത്തിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി നടത്തിയ പ്രസ്തുത വിമാനയാത്രകൾക്ക് കൂടി സാധൂകരണം നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2024 ഒക്ടോബർ 17, 18 തീയതികളിൽ ന്യൂ ഡൽഹിയിൽ വെച്ച് സംഘടിപ്പിച്ച, വനിതകൾ നയിക്കുന്ന സംരംഭകത്വത്തെക്കുറിച്ചുള്ള ദേശീയ കോൺക്ലേവ്, ഫിനാൻഷ്യൽ ഇൻക്ലൂഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാർക്കുള്ള അവലോകന യോഗം എന്നീ പരിപാടികളിൽ പങ്കെടുത്ത ശേഷം 2024 ഒക്ടോബർ 21 മുതൽ 26 വരെ ബാംഗ്ലൂർ NAR -ൽ മാസ്റ്റർ ആർ പി മാർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഡൽഹിയിൽ നിന്ന് ബാംഗ്ലൂർ വരെയും അവിടെ നിന്ന് NAR പരിശീലനം കഴിഞ്ഞു 26/10/2024-ന് തിരികെ തിരുവനന്തപുരം വരെയും വിമാനയാത്ര നടത്തിയ കുടുംബശ്രീ സംസ്ഥാന

മിഷനിലെ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ പ്രോഗ്രാം ഓഫീസർ ശ്രീ. നവീൻ.സി-യുടെ നടപടി ഒരു പ്രത്യേക വിഷയമായി പരിഗണിച്ച് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ്ബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/338/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 10-03-2026 13:35:57

സെക്ഷൻ ഓഫീസർ